LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ആകെ 9 ഒഴിവുകൾ നിലവിലുണ്ട്.

(നഗരകാര്യ വകുപ്പ് -4; ചീഫ് എഞ്ചിനീയരുടെ കാര്യാലയം -3; പഞ്ചായത്ത് വകുപ്പ്-2) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയരുടെ കാര്യാലയത്തിൽ നിലവിലുണ്ടായിരുന്ന 3 ഒഴിവുകളിൽ, തിരുവനന്തപുരം ജില്ലയിലെ ഒഴിവ് DA Low Vision കാറ്റഗറിക്കായി പി.എസ്.സി. നീക്കി വെച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലയിലെ ഒഴിവ് സ്പെഷ്യൽ റിക്രൂട്ട്മെന്റായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കണ്ണൂർ ജില്ലയിലെ ഒഴിവിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയതിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിലുള്ള മറ്റ് ഒഴിവുകളിൽ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

വിരമിക്കൽ ഒഴിവുകളിലേക്കുള്ള സ്ഥാനക്കയറ്റ നടപടിക്രമങ്ങൾ

405 (5130) ശ്രീ. രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) 2023 മേയ് മാസം വരെ പഞ്ചായത്ത് വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

തസ്തികയുടെ പേര്	ഒഴിവുകളുടെ എണ്ണം
(1)	(2)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ	1
സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ	17
സെക്രട്ടറി	188
അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്	133
ഹെഡ് ക്ലാർക്ക്	8

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
അക്കൗണ്ടന്റ്	25
സീനിയർ ക്ലാർക്ക്	107
ക്ലാർക്ക്	50
ഓഫീസ് അറ്റൻഡന്റ്	35
പാർട്ട് ടൈം സ്വീപ്പർ	49
ഫുൾ ടൈം സ്വീപ്പർ	35
ഫുൾ ടൈം ലൈബ്രേറിയൻ	4
പാർട്ട് ടൈം ഫെറിമാൻ	1
പാർട്ട് ടൈം ആയ	2
പാർട്ട് ടൈം ലൈബ്രേറിയൻ	4
പാർട്ട് ടൈം പൗണ്ട് കീപ്പർ	3
ടൈപ്പിസ്റ്റ്	4
ഡ്രൈവർ	4

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരികയാണെങ്കിൽ പ്രസ്തുത വിരമിക്കൽ ഒഴിവുകളിലേക്കുള്ള സ്ഥാനക്കയറ്റ നടപടിക്രമങ്ങൾ എപ്രകാര മായിരിക്കുമെന്ന് വ്യക്തമാക്കാമോ?

17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരമായിരിക്കും പൊതുസർവ്വീസിലെ സ്ഥാനക്കയറ്റ നടപടികൾ.

(സി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് തന്മൂലം എന്തെങ്കിലും നഷ്ടം സംഭവിക്കാനിടയുണ്ടോയെന്ന കാര്യം അറിയിക്കാമോ?

ഇടയില്ല.